പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1577** **13.07.2011**-ൽ മറുപടിയ്ക്ക്

പഞ്ചായത്ത് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഇടമലക്കുടി ഒഴികെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4 ഗ്രാമപഞ്ചായത്തുകൾ ഒഴികെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇന്റർനെറ്റ് സൗകര്യവും ബ്രോഡ്ബാന്റ് കണക്ഷനും സജ്ജീകരിച്ചിട്ടുണ്ട്. 966 ഗ്രാമപഞ്ചായത്തുകളിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് വിതരണവും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും വിവിധ സോഫ്റ്റ്‌വെയറുകൾ -സുലേഖ, സേവന, സഞ്ചിത, സ്ഥാപിത, സുഗമ, സംവേദിത, സൂചിക എന്നിവ വിന്യസിച്ചിട്ടുണ്ട്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ, റവന്യൂ സംവിധാനം, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം, അക്കൗണ്ടിംഗ്, ഫയൽ മോണിറ്ററിംഗ് തുടങ്ങിയ മേഖലകളിൽ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ രൂപീകരണം, സാങ്കേതിക പരിശോധന, അംഗീകാരം, ചെലവ് വിവരങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള 'സുലേഖ' എന്ന സോഫ്റ്റ്‌വെയർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. 'സേവന (പെൻഷൻ)' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വഴി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം 932 ഗ്രാമപഞ്ചായത്തുകളിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കുന്നതിനുള്ള 'സ്ഥാപന' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ 942 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകളിൽ ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി ഓരോ സെക്ഷനിലും അതാത് സമയത്തെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഫയൽ മോണിറ്ററിംഗ് ചെയ്യുന്നതിനും 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ 153 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പഞ്ചായത്തുകളിൽ നിലവിൽ പിന്തുടർന്ന് വരുന്ന അക്കൗണ്ടിംഗ് സമ്പ്രദായത്തിന് പകരം കമ്പ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഗ്രാമപഞ്ചായത്തുകളിൽ റവന്യൂ, അക്കൗണ്ട് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും അതിലൂടെ തനത് വരുമാനം ആർജ്ജിക്കുന്നതിനും അതാത് ദിവസത്തെ സാമ്പത്തിക സ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് ഉൾപ്പെടുന്നതിനും 'സാംഖ്യ' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തിലും ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ